# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2346** **17.08.2017-ൽ മറുപടിയ്ക്ക്**

## ഗോത്ര സാരഥി പദ്ധതി

**ചോദ്യം**
**ശ്രീ.ഇ.പി.ജയരാജൻ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഗോത്ര സാരഥി പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | ദുർഘട വനപ്രദേശത്തോ, മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ ഊരുകളിൽ നിന്നും വാഹനസൗകര്യം ഇല്ലാത്തതിനാലും, വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിമൂലവും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്താൻ പ്രയാസമുണ്ടാകുന്നു. ഇത്തരം വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകാൻ മതിയായ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി സ്വന്തം ഊരുകളിൽ നിന്നും സ്കൂളുകളിൽ പോയി വരുന്നതിനായി സ്കൂൾ പി.ടി.എ.യുടെയും, അദ്ധ്യാപകരുടെയും സഹകരണത്തോടെ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് ഗോത്രസാരഥി.<br>സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ |

| | | | |
|---|---|---|---|
| | | | 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഈ പദ്ധതിയനുസരിച്ച് എൽ.പി.തലത്തിൽ പഠിക്കുന്ന കുട്ടികളുടെ വാസ സ്ഥലവും സ്കൂളും തമ്മിൽ ½ കിലോമീറ്ററിൽ കൂടുതലും യു.പി.തലത്തിൽ 1 കിലോമീറ്ററിൽ കൂടുതലും ഹൈസ്കൂൾ തലത്തിൽ 2 കിലോമീറ്ററിൽ കൂടുതലും ആയിരിക്കണം. ഓരോ കോളനിയിൽ നിന്നും സ്കൂളിൽ പോയി വരുന്ന കുട്ടികൾ 5 പേരോ അതിൽ കുറവോ ആണെങ്കിൽ ടി വിദ്യാർത്ഥികൾക്ക് ഓട്ടോറിക്ഷയും, 5 മുതൽ 12 വരെയാണെങ്കിൽ ജീപ്പും അതിൽ കൂടുതലാണെങ്കിൽ അനുയോജ്യമായ വാഹനവും ഏർപ്പെടുത്തുന്നു. |
| ബി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; | ബി) | ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി 2016-17 സാമ്പത്തിക വർഷം 6,66,54,862/-രൂപ ചെലവഴിച്ചിട്ടുണ്ട്. |
| സി) | 2016-17 ൽ ഈ പദ്ധതിയുടെ പ്രയോജനം എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) | 12831 വിദ്യാർത്ഥികൾക്ക് 2016-17 വർഷം ഗോത്രസാരഥി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| ഡി) | സംസ്ഥാനത്തെ നിരവധി ആദിവാസി ഊരുകളിൽ ഗതാഗത സൗകര്യമില്ലാതിരുന്നിട്ടും ഗോത്ര സാരഥി പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) & ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദിവാസി കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് രൂപം നൽകിയ ഗോത്രസാരഥി പദ്ധതി 2016-17 വർഷത്തിൽ 353 സ്കൂളുകളിൽ സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്. |
| ഇ) | എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| എഫ് | 2017-18 ൽ പ്രസ്തുത പദ്ധതി നടത്തിപ്പിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | എഫ് | 2017-18 വർഷത്തിൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനുൾപ്പെടെ 1500 ലക്ഷം രൂപ 2225-02-277-35(P) Promotion of Education among ST's എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ